ശ്രീ. ഇ. പത്മനാഭൻ : നിലവിലുള്ള കോഡുകളും മാനുവലുകളുമെല്ലാം ഉണ്ടായിട്ടും കോടിക്കണക്കിന് രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിലവാരത്തിലുള്ള ആളുകളെ വിനിയോഗിച്ച് സ്റ്റോർ പർച്ചേസ് നടത്തുകയും അതുവഴി വർഷങ്ങളോളം ഇത്തരം അഴിമതികൾ നടത്താൻ ഇടയാകുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് എഞ്ചിനീയർമാരുടെ നിലവാരത്തിൽ മാത്രമുള്ള ഇന്നത്തെ കോഡ് പരിഷ്കരണം ഒന്ന് പുനഃപരിശോധന ചെയ്ത് അക്കൗണ്ടന്റ് ജനറൽ നിലവാരത്തിലുള്ള ആരെങ്കിലുമോ അതുപോലുള്ള ഉയർന്ന അധികാരമുള്ള ഒരു സമിതിയേയോ വച്ച് പൊതുമരാമത്തു വകുപ്പിലെ വർക്ക് സാങ്ഷനും പർച്ചേസ് പ്രൊസീഡ്യുറും പേമെന്റ് മെത്തേഡും ഒന്നു ക്രോഡീകരിക്കാൻ വേണ്ടിയുള്ള നടപടി എടുക്കുമോ ?

ശ്രീ. കെ. അവുക്കാദർ കുട്ടി നഹ : കാലാകാലങ്ങളിൽ ഉണ്ടാകുന്ന കോഡുകളും മാനുവലുകളുമെല്ലാം എഞ്ചിനീയർമാർ തന്നെയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ സ്റ്റേറ്റിൽ 1957 മുതലുള്ള കോഡുകളെല്ലാം എഞ്ചിനീയർമാരുടേതാണ്. പുതിയ കോഡ് അംഗീകരിച്ചു കഴിഞ്ഞതിനുശേഷം എം. എൽ. എ. മാർ വരെയുള്ളവർക്ക് വല്ല ആക്ഷേപവുമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസം

* 294 [317] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) പ്രീ പ്രൈമറി വിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്ത് സാർവ്വത്രികവും നിർബന്ധവുമാക്കുന്നതിനുള്ള നയപരമായ തീരുമാനം സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച് എന്നാണ് ഗവൺമെന്റ് തീരുമാനം കൈക്കൊണ്ടതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി, സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഉന്നത വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കും വലിയ പ്രാമുഖ്യം കൊടുത്തുകൊണ്ട് ദേശീയ നയം നടപ്പാക്കാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇതുവരെ ഗൗരവമായി കണക്കിലെടുത്ത് ഇതിനു ഒരു പൊതുനയം സ്വീകരിക്കാതിരുന്നത് എന്താണെന്ന് വെളിപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : പൊതുനയം ആവിഷ്കരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചോദ്യം പ്രീ-പ്രൈമറി വിദ്യാഭ്യാസം നമ്മുടെ രാജ്യത്ത് സാർവ്വത്രികമാക്കുന്നതിനെ സംബന്ധിച്ചാണ്. അതിനു ഒരു പൊതു മാനദണ്ഡം ഉണ്ടാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും, ആ പൊതുമാനദണ്ഡമുണ്ടാക്കി അതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാതൃകാ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിലയിൽ 31 പ്രീ-പ്രൈമറി സ്കൂളുകൾ നമ്മുടെ കേരളത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : എണ്ണായിരത്തോളം അംഗനവാടികളും, രണ്ടായിരത്തി അഞ്ഞൂറോളം ബാലവാടികളും അതുപോലെ ഗവൺമെന്റ് നഴ്സറി സ്കൂളുകളുമടക്കം വളരെ അധികം സ്ഥാപനങ്ങൾ പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്തു ഇപ്പോൾ പ്രവർത്തിക്കുകയാണ്. ഈ സ്ഥാപനങ്ങളെ മുഴുവൻ ഒരു ഏജൻസിയുടെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരുന്നതിനെ പറ്റി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതും പല രൂപത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അതിനു ഒരു പൊതു മാനദണ്ഡമുണ്ടാക്കാനുള്ള ശ്രമം നടത്തുകയും അതിനുവേണ്ടി ഒരു രൂപരേഖ തയ്യാറാക്കി ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. അതിനുശേഷം ഈ ഒരു സമീപനം, അതിനകത്ത് എല്ലാ ഡിപ്പാർട്ടുമെന്റിനും ഉണ്ടായിരുന്നു. വികസന വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും ഉദ്യോഗസ്ഥൻമാരും ഡയറക്ടർമാരും അതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളും അടങ്ങുന്ന ഒരു സമിതിയാണ് തീരുമാനിച്ചത്. അദ്ദേഹം 10,000 എന്നു പറഞ്ഞു. ഇതിന്റെ കൃത്യമായ എണ്ണം ഗവൺമെന്റിന്റെ കൈവശമില്ല. പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളമുണ്ട്. എന്താണെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, അതിനു അപേക്ഷ ക്ഷണിച്ചപ്പോൾ 614 ആളുകൾ മാത്രമാണ് ഈ നിബന്ധനകൾക്കു വിധേയ മായി സ്ഥാപനങ്ങൾ നടത്താൻ മുന്നോട്ടു വന്നിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : ഇന്നു വ്യാപകമായി കൂണുകൾ പോലെ എല്ലാ സ്ഥലത്തും നഴ്സറി സ്കൂളുകൾ ആരംഭിച്ചിരിക്കുകയാണ്. ഈ നഴ്സറി സ്കൂളുകളുടെ സിലബസ് ഏകീകരണം, അവിടെ ഈടാക്കുന്ന ഫീസ് ഏകീകരണം എന്നിവ സംബന്ധിച്ച് ഗവൺമെന്റ് നടപടി സ്വീകരി ക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടു മെന്റിൽ ചെലവാക്കുന്ന ആകെയുള്ള തുകയുടെ 56% നമ്മൾ ചെലവാക്കുന്നത് പ്രൈമറി വിദ്യാഭ്യാസത്തിനാണ്. ഈ പ്രീ-പ്രൈമറി ഏജ് ഗ്രൂപ്പിൽപ്പെടുന്ന കുട്ടികൾ 3 മുതൽ 5 വയസ്സുവരെ പ്രായം വരുന്ന കുട്ടികളുടെ എണ്ണം ഏകദേശം 9 ലക്ഷമാണ്. ഈ കുട്ടികളെക്കൂടി ഫോർമൽ എഡ്യൂക്കേഷന്റെ ഭാഗമാക്കി നമ്മൾ രൂപാന്തരപ്പെടുത്തണമെങ്കിൽ ഈ പ്രൈമറിക്കുവേണ്ടി നമ്മൾ ചെലവാക്കുന്ന തുക ഗണ്യമായി വർദ്ധിക്കും. അതുകൊണ്ടാണ് ആ നിലയിൽ ഗവൺമെന്റിന് നീങ്ങാൻ ബുദ്ധിമുട്ടുള്ളത്.

ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : സർ, ഈ പിഞ്ചുകുട്ടികളുടെ വിദ്യാഭ്യാസം പിഴച്ചാൽ അതു അവരുടെ ഭാവിയെ സാരമായി ബാധിക്കുമെന്നു ള്ളതു കണക്കിലെടുത്ത് പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർ ത്തനങ്ങളെ നിയന്ത്രിക്കാൻ സർക്കാർ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ആദ്യം തന്നെ ഇതിനെക്കുറിച്ചു പറഞ്ഞു. നമ്മൾ ഇതിനുവേണ്ടി ഒരു രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. മോഡൽ പ്രീ-പ്രൈമറി എന്നുള്ള നിലയിൽ 33 എണ്ണം വിവിധ വിദ്യാഭ്യാസ ജില്ലകളിൽ ആരംഭിച്ചു. ഉപ വിദ്യാഭ്യാസ ജില്ലകളിലും ഈ മാതൃകയിൽ ഓരോന്നു സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 27 എണ്ണം ഈ വർഷം തുടങ്ങാൻ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ഈ ലോവർ പ്രൈമറി സ്കൂളുകളിൽത്തന്നെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനു മുൻകാലത്തുണ്ടായിരുന്നതുപോലെ സൗകര്യം കൊടുക്കാൻ ശിശു എന്നുപറയുന്ന ഒരു ക്ലാസ് തുടങ്ങാനുള്ള ഒരു നിർദ്ദേശത്തെപ്പറ്റി ഗവൺമെന്റിന്റെ അഭിപ്രായമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : നമ്മുടെ വിദ്യാഭ്യാസ നയമനുസരിച്ച് അഖിലേന്ത്യാ തലത്തിൽ അംഗീകരിച്ചിരിക്കുന്ന ഫോർമൽ എഡ്യൂക്കേഷൻ ഒന്നാം ക്ലാസ് മുതൽ ആരംഭിക്കുന്നതാണ്. പ്രീ-പ്രൈമറി എന്നു പറയുന്നത് ഇൻഫോർമൽ എഡ്യൂക്കേഷനാണ്. അദ്ദേഹം സൂചിപ്പിച്ചതു ഫോർമൽ എഡ്യൂക്കേഷന്റെ ഭേഗമാക്കാൻ കഴിയുമോയെന്നാണ്. അധിക സാമ്പത്തിക ഭാരം ഒന്നുകൊണ്ടു മാത്രമാണ് അതിനു മടിച്ചു നിൽക്കുന്നത്. ഇതു ആവശ്യമായ സംഗതിയാണെന്നുള്ള കാര്യത്തിൽ എനിക്കും അഭിപ്രായവ്യത്യാസമില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : നമ്മുടെ പ്രൈമറി ഉംപ്പെടെയുള്ള ക്ലാസ്സുകളിലെ പരീക്ഷ നാലു മാസത്തിനകം നടക്കാനിരിക്കുന്നു. 11 പാഠപുസ്തകങ്ങളും ഇന്നും ഇറങ്ങിയിട്ടില്ല. 10-ാം സ്റ്റാൻഡേർഡിലെ ഇൻഡ്യൻ സംസ്കാരം എന്ന പുസ്തകവും ഇറങ്ങാത്ത സാഹചര്യത്തിൽ ഈ പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടി ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കി അതു നടത്തുന്നതിനെ ബുദ്ധിമുട്ടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

മി. സ്പീക്കർ : ഈ ചോദ്യവുമായി അതിന് ബന്ധമില്ല.

ശ്രീമതി കെ. ആർ. ഗൗരി : സർ, പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടി ഗവൺമെന്റ് ഏറ്റെടുത്താൽ ചെലവു വർദ്ധിക്കുമെന്ന് പറഞ്ഞു. ഇന്നു ഗവൺമെന്റിന്റെ നിയന്ത്രണത്തിലിരിക്കുന്ന ഐ. സി. ഡി. എസ്. ന്റെ കീഴിലും ഹരിജനവെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലും ഇങ്ങനെ കുറേ സ്ഥാപനങ്ങളും നടക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെ ഏകീകരിച്ച്, ഏതു വിധത്തിലുള്ള പാറേൺ അനുസരിച്ചുള്ള ടെക്സ്റ്റു ബുക്കുകളും അല്ലെങ്കിൽ മറ്റു ഗൈഡ് ലൈൻസ് കൊടുക്കുന്നതിന് 1980-81-ലെ ഗവൺമെന്റ് ചില നടപടികളും എടുത്തിരുന്നു. ചെലവ് വർദ്ധിക്കാതിരിക്കാനാണ് ഇവയെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കണമെന്നും പറഞ്ഞത്. അതുകൊണ്ട് ഒരു ഏകീകരണ വിദ്യാഭ്യാസ സമ്പ്രദായം നിലനിറുത്തുന്നതിനു നടപടികളെടുക്കുന്നതിനുപകരം മറ്റു നടപടികളും എടുത്തതാണ് കുഴപ്പങ്ങൾക്ക് കാരണം. അതുകൊണ്ട് മുഴുവൻ കുട്ടികൾക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഗൗരിയമ്മ പറഞ്ഞതു ശരിയല്ല. അങ്ങനെയൊരു സമീപനമല്ല ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 1984 മാർച്ച് മാസം 14-ാം തീയതി പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഒരു പൊതുധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. സമയ ചുരുക്കം കൊണ്ട് അതു വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 1980-81-ൽ നടപടി സ്വീകരിച്ചു എന്നു ഇവിടെ ശ്രീമതി ഗൗരിയമ്മ പറഞ്ഞു എങ്കിലും എനിക്കു കിട്ടിയ വിവരം വച്ചു കൊണ്ട് അങ്ങനെ നടപടികളും ഒന്നും സ്വീകരിച്ചിരുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്താണെങ്കിലും 1983 ആരംഭത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടികളും സ്വീകരിക്കാൻ മുൻകൈയെടുത്തു. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ പറഞ്ഞതുപോലെതന്നെ, പല ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാരെ ഇതിനകത്ത് ഉംപ്പെടുത്തിയിട്ടുണ്ട്. ഫൈനാൻസ്, പൊതുവിദ്യാഭ്യാസം, പ്ലാനിംഗ്, വികസനം, സാമൂഹ്യക്ഷേമം, ഗിരിജനക്ഷേമം, ഹരിജനക്ഷേമം, ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകളിലെ ഡയറക്ടർമാർ ഉദ്യോഗസ്ഥൻമാർ, സാമൂഹ്യക്ഷേമ ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ ഇവരെല്ലാം അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയിലെ ആളുകളും കൂടിയിരുന്നു ആലോചിച്ചു് ഇതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഇതു സംബന്ധിച്ചു് പഠനം നടത്തി ഗവൺമെൻറിൽ ഒരു രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. അങ്ങനെ സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിലാണു് 1984 മാർച്ചു് മാസം 14-ാം തീയതിയിലെ ഗസറ്റിൽ ഗവൺമെൻറ് വിജ്ഞാപനം പുറപ്പെടുവിച്ചതു്. ഇതിനു വേണ്ടി ഒരു പൊതുരൂപം ഇപ്പോൾ നമ്മൾ ഉണ്ടാക്കിയിട്ടുണ്ടു് അതു് ഫാളോ ചെയ്യാൻ വിവിധ ഡിപ്പാർട്ടുമെൻറുകളും നടത്തുന്ന ഈ സ്ഥാപനങ്ങളും തയ്യാറാണോ ? ഇവിടെ ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ എല്ലാംകൂടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവരാനുള്ള ആഗ്രഹമില്ല. ഇതു എല്ലാത്തിനും ഒരു ഏകീകൃത രൂപം വേണമെന്നുള്ളതു് എല്ലാവർക്കും അഭിപ്രായമുള്ളതാണു്. അതിനുവേണ്ടിയുള്ള നടപടികളും പൂർത്തിയായിട്ടുണ്ടു്. ഇതിനു വിധേയമായി ആളുകളും പ്രവർത്തിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിയേ പറ്റൂ. അക്കാര്യം ഗവൺമെൻറ് ആലോചിച്ചു വരികയാണു്.

ശ്രീ. പി. ദിനകരൻ : സർ, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം കണക്കിലെടുത്തു്, ഇതു് ഏകീകരിക്കുന്നതിനും ഗവൺമെൻറിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുമായി ഒരു പ്രീ-പ്രൈമറി വിദ്യാഭ്യാസ വകുപ്പു് രൂപീകരിക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബു് : പ്രീ-പ്രൈമറി വിദ്യാഭ്യാസ വകുപ്പിൻെറ ആവശ്യമില്ല. നമുക്കു പൊതു വിദ്യാഭ്യാസ വകുപ്പിൽത്തന്നെ അതിനുള്ള സംവിധാനമുണ്ടു്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഗ്രാമപ്രദേശങ്ങളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തിക്കൊണ്ടിരുന്ന നിലത്തെഴുത്താശാൻമാർ ഇന്നു സമരത്തിലാണു്. അവർക്കു പ്രത്യേക സഹായങ്ങളും ഗ്രാൻറുകളും നൽകാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബു് : പ്രീ-പ്രൈമറി വിദ്യാഭ്യാസം മുൻപു് നടത്തിക്കൊണ്ടിരുന്നതു് നമ്മുടെ ആശാൻമാരാണു്. അവരുടെ കാര്യം വലിയ കഷ്ടത്തിലായിട്ടുണ്ടു്. അവരുടെ അവശതകളെക്കുറിച്ചു പഠിക്കുന്നതിനു് ഗവൺമെൻറ് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു. അദ്ദേഹം റിപ്പോർട്ടു നൽകിയിട്ടുണ്ടു്. ആ റിപ്പോർട്ടു ഗവൺമെൻറിൻെറ സജീവമായ പരിഗണനയിലിരിക്കുകയാണു്.

പാഠപുസ്തകങ്ങളുടെ അച്ചടിയിലെ ക്രമക്കേടുകൾ

* 295. [318] ശ്രീ. ടി. കെ. അറുമുഖൻ :
,, പി. സി. തോമസു് (കടുത്തുരുത്തി) :
,, കോലിയക്കോടു് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. വേലായുധി :
ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയിൽ വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായി എന്തെങ്കിലും പരാതി സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly